## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2176 — 18.06.2013 ലെ മറുപടിയ്ക്ക്

### എൻഡോസൾഫാൻ ബാധിതർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് 2013 ഫെബ്രുവരി 28 വരെ എത്ര രോഗികൾക്ക് എത്ര രൂപയുടെ സഹായം ലഭ്യമാക്കി എന്ന് വ്യക്തമാക്കുമോ ; | (എ) | 2013 ഫെബ്രുവരി 28 വരെ 7485 രോഗികൾക്ക് വിവിധ ആശുപത്രികളിലായി 79,08,46,175/- രൂപയുടെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | കർണാടകയിലെ മംഗലാപുരത്ത് ചികിത്സ തേടുന്ന കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശത്തെ രോഗികൾക്കും കർണ്ണാടക അതിർത്തി യോടടുത്ത് വസിക്കുന്ന മറ്റു രോഗികൾക്കും അവിടത്തെ ആശുപത്രികളിലൂടെ പ്രസ്തുത പദ്ധതിയുടെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത്, കേസുകളുടെ മെരിറ്റിന്റെ അടിസ്ഥാനത്തിൽ മംഗലാപുരത്ത് ചികിത്സതേടുന്ന രോഗികൾക്കും കാരുണ്യ പദ്ധതിയിലൂടെ ചികിത്സാ സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ഇതിന് സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രിയിലേക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.